# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. T477      18-11-2019-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.എം. നൗഷാദ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സമഗ്രമായി വിലയിരുത്തിയിട്ടുണ്ട്. ആയത്പ്രകാരം ഒരു തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം, അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കൽ, സംരംഭകരെ തെരഞ്ഞെടുക്കൽ, അക്ഷയകേന്ദ്രങ്ങളുടെ കൈമാറ്റം, ഉപകേന്ദ്രങ്ങൾ അനുവദിക്കൽ, കരാർ പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ സർക്കാർ പുന:പരിശോധിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് 30/10/2019 ലെ സ.ഉ (കൈ)നം. 24/2019/വി.സ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അക്ഷയകേന്ദ്രങ്ങൾ മുഖേന ലഭിക്കുന്ന സർക്കാർ സേവനങ്ങളുടെ എണ്ണം വിപുലപ്പെടുത്തിക്കൊണ്ട് അക്ഷയകേന്ദ്രങ്ങളുടെ സേവന വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് നൽകേണ്ട സർവ്വീസ് ചാർജ്ജ് കാലികമായി പരിഷ്കരിക്കുകയും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ നിരക്ക് 9/05/2018 ലെ സ.ഉ (കൈ)നം 03/2018 വി.സ.വ പ്രകാരം ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂ എന്നും ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് കൃത്യമായ രസീത് നൽകേണ്ടതാണെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്ക വിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർ തലത്തിലും സർക്കാർ തലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ അനുമതിയോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജനസേവന കേന്ദ്രങ്ങൾ അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ; | (ബി) | കേന്ദ്രസർക്കാരിന്റെ ഇലക്ട്രോണിക്സ് & ഐ.ടി മന്ത്രാലയത്തിൽ നിന്നുള്ള രജിസ്ട്രേഷനെടുത്ത് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കോമൺ സർവ്വീസ് സെന്ററുകൾ പലയിടത്തും അക്ഷയ കേന്ദ്രങ്ങളുടെ സമീപത്തായി പ്രവർത്തിക്കുന്നത് അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | ജനസാന്ദ്രത കണക്കിലെടുത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ സേവനം ഒരുക്കുന്നതിനായി പുതിയ അക്ഷയ സെന്ററുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (സി) | ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശങ്ങളിലും അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 1.5 കി.മീ അകലം പാലിച്ചിരിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ കഴിയുന്ന |

| | | | |
|---|---|---|---|
| | | | തരത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ സർക്കാർ ഇപ്പോൾ പരിഷ്കരിച്ചിട്ടുള്ളതിനാൽ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും ആവശ്യകത കണക്കാക്കി അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിന് തടസമില്ല. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണ കുറിപ്പ്</u>

ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം ആവശ്യമാണെന്ന് കാണിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം പാസാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിഗണിച്ചാണ് സർക്കാർ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിരുന്നത്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള കുറഞ്ഞ അകലം 2 കി.മീ ആയിരിക്കണമെന്നും ഒരു ഗ്രാമ പഞ്ചായത്തിൽ പരമാവധി 4 ഉം മുനിസിപ്പാലിറ്റിയിൽ പരമാവധി 6 ഉം കോർപ്പറേഷൻ പ്രദേശത്ത് ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ അനുവദിക്കാമെന്നുമായിരുന്നു മുൻപ് നിലവിലുണ്ടായിരുന്ന വ്യവസ്ഥ.

അക്ഷയ കേന്ദ്രങ്ങളുടെ കുറവ് പലയിടങ്ങളിലും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ മേൽ വ്യവസ്ഥകൾ പുനഃപരിശോധിക്കുകയും ഒരു ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി പരിധിയിൽ അനുവദിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പരമാവധി എണ്ണം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥ ഇപ്പോൾ ഒഴിവാക്കുകയും 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം 2 കി.മീ യിൽ നിന്ന് 1.5 കി.മീ ആയി കുറയ്ക്കുകയും ചെയ്തുകൊണ്ട് 30.10.2019 ലെ സ.ഉ (കൈ) നം.24/2019/വിസവ ഉത്തരവ് (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു) പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇനി അക്ഷയ കേന്ദ്രങ്ങൾ കൂടുതലായി അനുവദിക്കാൻ സാധിക്കുന്നതാണ്.

അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് നൽകേണ്ടുന്ന സർവ്വീസ് ചാർജ്ജ് കാലികമായി പരിഷ്കരിക്കുകയും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ നിരക്ക് ഏകീകരിച്ചുകൊണ്ടും 09.05.2018 ലെ സ.ഉ (പി) നം.3/2018/വിസവ (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂ എന്നും ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് കൃത്യമായ രസീത് നൽകേണ്ടതാണെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്ക വിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും

സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർ തലത്തിലും സർക്കാർ തലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പിൽ നിന്നും രജിസ്ട്രേഷനെടുത്ത് പ്രവർത്തിക്കുന്ന കോമൺ സർവ്വീസ് സെന്ററുകൾ മറ്റു സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും പ്രവർത്തിച്ചു വരുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ കോമൺ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിന് വളരെ മുൻപു തന്നെ കേരളത്തിൽ അക്ഷയസംവിധാനം നിലവിലുള്ളതാണ്. അക്ഷയ സെന്ററുകൾ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം പ്രവർത്തിക്കുന്നവയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നവയുമാണ്. മാത്രമല്ല അക്ഷയകേന്ദ്രങ്ങളുടെ നിരീക്ഷണത്തിന് പ്രത്യേകമായ സംവിധാനവും ചട്ടക്കൂടും നിലവിലുള്ളതാണ്. എന്നാൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന കോമൺസർവ്വീസ് സെന്ററുകൾ മേൽ പ്രകാരമുള്ള ഒരു സർക്കാർ നിയന്ത്രിത സംവിധാനത്തിന്റെ നിരീക്ഷണത്തിലല്ല പ്രവർത്തിച്ചു വരുന്നത്. ഇത്തരം കേന്ദ്രങ്ങൾ പലയിടത്തും അക്ഷയ കേന്ദ്രങ്ങളുടെ സമീപത്തായി പ്രവർത്തിക്കുന്നത് അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായും അക്ഷയകേന്ദ്രങ്ങളുടെ സാമ്പത്തിക ഭദ്രതയെ തകർക്കുന്നതുമായുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ കോമൺ സർവ്വീസ് സെന്ററുകൾ എന്ന വ്യാജേന അംഗീകാരമില്ലാത്ത കേന്ദ്രങ്ങളും പലയിടത്തും പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല കേന്ദ്ര സർക്കാർ അനുവദിക്കുന്നുവെന്ന വ്യാജ പ്രചരണം നടത്തി ഫ്രാഞ്ചൈസി രീതിയിൽ ചില വ്യക്തികൾ / കൂട്ടായ്മകൾ/സൊസൈറ്റികൾ കോമൺ സർവ്വീസ് സെന്ററുകൾ അനുവദിച്ച് സംരംഭകരെ കബളിപ്പിക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനോ, ഫീസ് ഘടന നിശ്ചയിക്കുന്നതിനോ പ്രവർത്തന പോരായ്മകൾ പരിശോധിക്കുന്നതിനോ പ്രത്യേകമായ

സംവിധാനങ്ങൾ ഇല്ല എന്നത് കണക്കിലെടുത്തും ഇത്തരം കേന്ദ്രങ്ങളിലൂടെ പൊതുജനങ്ങളുടെ വിലപ്പെട്ട രേഖകൾ കൈകാര്യം ചെയ്യപ്പെടുന്നത് ഒട്ടും സുരക്ഷിതമല്ല എന്നതിനാലും ഇ-ഡിസ്ട്രിക്റ്റ് ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ സേവനങ്ങൾ നൽകുന്നതിന് ഇത്തരം കേന്ദ്രങ്ങൾക്ക് അനുമതി നൽകിയിട്ടില്ല.